Reg. No.................................................. Name.................................................... **21U209S**

# B. A. / B.Sc. DEGREE END SEMESTER EXAMINATION APRIL /JULY 2021

SEMESTER - **2:** SUBJECT- **MALAYALAM (ADDITIONAL LANGUAGE)**

COURSE: **15U2CCMAL2A, KAVITHA**

*(Common for Regular Supplementary 2018/ 2017/ 2016 / 2015 Admissions)*

Time: Three Hours Max. Marks: 75

## എ വിഭാഗം

**ഒററ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. പ്രഥമ ജ്ഞാനപീഠപുരസ്ക്കാരം ലഭിച്ച കവിതാസമാഹാരം ഏത്?
2. 'കുരുക്ഷേത്രം', 'കുടുംബപുരാണം' എന്നിവ രചിച്ചതാര്?
3. 'യുഗളപ്രസാദൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ച ബംഗാളി നോവലിസ്ററ് ആര്?
4. സംഘകാലകൃതികൾ പ്രകാരം തിണകൾ എത്ര?
5. 'ജലഭൂപടം' ആരുടെ കവിതാസമാഹാരമാണ്?
6. കേരളഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ ഡയറക്ടറും മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരുമായിരുന്ന കവിയാര്?
7. കെ.ജി. ശങ്കരപ്പിള്ള എഡിററുചെയ്ത സ്ത്രീപക്ഷ രചനകളുടെ സമാഹാരമേത്?
8. സാമുൽബക്കററിന്റെ 'വെയററിംഗ് ഫോർ ഗോദോ' 'ഗോദയെക്കാത്ത്' എന്നപേരിൽ വിവർത്തനം ചെയ്തതാര്?
9. വിജയലക്ഷ്മിയുടെ പ്രഥമ കവിതാസമാഹാരമേത്?
10. വൈലോപ്പിള്ളിയുടെ ആത്മകഥയുടെ പേരെന്ത്? (1 x 10 = 10)

## ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

11. പുളകമണിഞ്ഞിട്ടുടനടി ഞാനൊരു
പുതുലോകത്തിലെ യുവനൃപനായ്-എപ്പോൾ? എന്തുകൊ□്?
12. "പടുരാക്ഷസചക്രവർത്തിയെന്നുടൽ മോഹിച്ചതു ഞാൻ പിഴച്ചതോ"- ആരുടെ വാക്കുകളാണിത്? എന്താണ് ഇവിടെ പരാമർശിക്കുന്നത്?
13. ഇനിയൊരിടത്തും തൊടേ□ എന്ന അവസ്ഥയിലേക്ക് 'ഇനി'യിലെ കവി എത്തുന്നതെങ്ങനെ? വിശദമാക്കുക.
14. "ദൈവങ്ങളീവിധം ദ്വേഷിച്ചു നിൽക്കുകിൽ പാവങ്ങളീ ഞങ്ങളെന്തുചെയ്യും?" സന്ദർഭവും ആശയവും വ്യക്തമാക്കുക.

15. ശുദ്ധിയെക്കുറിച്ചുള്ള കപടധാരണകൾ 'എന്തു ശുത്തി, ഏതു ശുത്തിയിൽ' ചോദ്യം ചെയ്യപ്പെടുന്നതെങ്ങനെ?

16. "ഇവളുമെൻ ദുർവിധിപോൽ കുടത്തിനുള്ളിൽ
കുടുങ്ങിയോളാണിവിളെ തൊടില്ലെൻ ദാഹം" സന്ദർഭമെന്ത്? സാംഗത്യമെന്ത്?
വിശദമാക്കുക.

17. "കിളി ഇപ്പോൾ പറക്കുകയല്ല
തന്നെത്തന്നെ
ആവുംവിധം
വീശിക്കൊ□ിരിക്കുകയാണ്" - ആശയം വിശദമാക്കുക.

18. "ഒരു നിമിഷം മറന്നു പരസ്പരം
മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ-" സന്ദർഭവും ആശയവും വിശദമാക്കുക.

19. "പറിച്ചെറിഞ്ഞാൽ തീരുവതല്ല
പരിധിയെഴാത്തൊരു ഹരിതം" - എന്തുകൊ□്? എന്താണിതിന്റെ സാംഗത്യം?
വിശദമാക്കുക.

20. "പൂത്ത മാമരചോട്ടിൽ നിങ്ങൾ
കാററുകൊ□ുമയങ്ങിയപ്പോൾ
കണ്ണുചിമ്മാതവിടെ ഞങ്ങൾ
കാവൽ നിന്നില്ലേ?" ആരാണിതു ചോദിക്കുന്നത്? എന്താണ് ചോദ്യത്തിന്റെ ഉന്നം?

(2 x 8 = 16)

## <u>സി വിഭാഗം</u>

**അഞ്ചുചോദ്യങ്ങൾക്ക് ര□ുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

21. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ വികൃതചിത്രം വരച്ചിടുന്ന കവിതയാണ് എൻ. വി യുടെ 'മോഹൻദാസ് കരംചന്ദ് ഗാന്ധിയും നാഥുറാം ഗോഡ്സെയും' - വിശദമാക്കുക.

22. നാറാണത്തുപാറയിൽ കയറിനിൽക്കുമ്പോൾ കവി കാണുന്ന കാഴ്ചകളെന്തെല്ലാമാണ്? - വിവരിക്കുക.

23. യുഗളപ്രസാദൻ എന്ന കവിതയുടെ പാരിസ്ഥിതികമാനങ്ങൾ എന്തൊക്കെയാണ്?- വിശദമാക്കുക.

24. മുരുകൻ കാട്ടാക്കടയുടെ 'ഓണം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

25. പ്രകൃതിയുടെ മാധുര്യങ്ങൾ ലക്ഷ്യം കാണാതെപോകുന്നതിന്റെ നോവ് 'മാമ്പഴപ്പാത' എന്ന കവിതയിൽ ലയിച്ചുകിടക്കുന്നു□് -വിശദമാക്കുക.

26. എസ്. ജോസഫിന്റെ 'കീരി' എന്ന കവിതയിൽ നിലീനമായ ജീവിതാവസ്ഥകളെന്തൊക്കെ? വിശദമാക്കുക.

27. സുഗതകുമാരിയുടെ 'കൃഷ്ണ നീയെന്നറിയില്ല' എന്ന കവിതയിൽനിന്ന് അയ്യപ്പപ്പണിക്കരുടെ 'ഗോപികാദണ്ഡകം' എന്ന കവിതയെ വ്യത്യസ്തമാക്കുന്നതെന്തൊക്കെ? - വിശദമാക്കുക.

(5 x 5 = 25)

## ഡി വിഭാഗം

**ര□ു ചോദ്യങ്ങൾക്ക് നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

28. 'സൂര്യകാന്തി'യെന്ന കവിതയിൽ സൂര്യൻ, സൂര്യകാന്തി എന്നിവ പ്രതീകവൽക്കരിക്കുന്നത് എന്തിനെയെല്ലാമാണ്?- വിശദമാക്കുക.

**അല്ലെങ്കിൽ**

29. "ആത്മഹത്യചെയ്ത കർഷകൻ വെള്ളത്തെക്കുറിച്ചു സംസാരിക്കുന്നു' എന്ന കവിത ദുരമൂത്ത മനുഷ്യനുള്ള മുന്നറിയിപ്പുകൂടിയാണ്" - വിശദമാക്കുക.

30. സ്ത്രീയുടെ വ്യത്യസ്തമായ ഭാവങ്ങളെ വിജയലക്ഷ്മിയുടെ 'കൗസല്യ'എന്ന കവിത കൈകാര്യം ചെയ്യുന്നതെങ്ങനെ? വിശദമാക്കുക.

**അല്ലെങ്കിൽ**

31. 'കുറത്തി'യെന്ന കവിതയെ മുൻനിർത്തി കടമ്മനിട്ടക്കവിതകളെ വിലയിരുത്തുക.

(12 x 2 = 24)

*********